# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: 23.06.2021 മുതൽ 27.06.2021 വരെ)

## കാസറഗോഡ് ജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്ര പിലിക്കോട്-ഉം ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത

| ബുള്ളറ്റിൻ നമ്പർ: പിലിക്കോട്/ കെ.എസ്.ഡി.50/2021 | തീയ്യതി: 22/06/2021 |
|---|---|

### എ. പിന്നിട്ട അഞ്ച് ദിവസത്തെ കാലാവസ്ഥ

| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 101.5 | 30.0 – 31.0 | 15.0 – 24.5 | 72 - 96 | 00- 10 |

### ബി. വരുന്ന അഞ്ച് ദിവസങ്ങളിലേക്കുള്ള കാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 23-06-2021 | 24-06-2021 | 25-06-2021 | 26-06-2021 | 27-06-2021 |
|---|---|---|---|---|---|
| മഴ, മി.മീ | 10 | 10 | 10 | 10 | 8 |
| കൂടിയ താപനില, °C | 32 | 32 | 32 | 32 | 32 |
| കുറഞ്ഞ താപനില, °C | 22 | 22 | 22 | 22 | 22 |
| കൂടിയ ആപേക്ഷിക ആർദ്രത, % | 90 | 90 | 90 | 90 | 90 |
| കുറഞ്ഞ ആപേക്ഷിക ആർദ്രത, % | 65 | 65 | 65 | 65 | 65 |
| കാറ്റിന്റെ വേഗത, | 4 | 5 | 5 | 6 | 6 |
| കാറ്റിന്റെ ദിശ, ഡിഗ്രി | 140 | 140 | 140 | 140 | 140 |
| മേഘ വിന്യാസം, ഒക്ടാ | 7 | 7 | 5 | 6 | 6 |

### സി. കാർഷിക നിർദ്ദേശങ്ങൾ

| | |
|---|---|
| പൊതു നിർദ്ദേശങ്ങൾ | മഴയുണ്ടാകും.<br><br>ഇടവിട്ടുള്ള മഴയും വെയിലും തെങ്ങിൽ കൂമ്പു ചീയൽ, കവുങ്ങിൽ മഹാളി, വാഴയിൽ ഇലകരിച്ചിൽ, കുരുമുളകു ചെടികളിൽ വാട്ടം, ജാതിയിൽ ഇല/കായ ചീച്ചൽ എന്നീ പൂപ്പൽ ബാധ പരത്തും.<br><br>വൃക്ഷ വിളകൾ നടുന്നത് തുടരാം. തൈക്കുഴികളിൽ വെള്ളം ഒലിച്ചിറങ്ങാതിരിക്കാൻ കുഴികളുടെ വക്കിന് ചുറ്റും വരമ്പുകൾ തീർക്കുക.<br><br>കുരുമുളക് തോട്ടങ്ങളിൽ താങ്ങു കാലുകളുടെ കൊമ്പുകൾ കോതി തണൽ ക്രമീകരിക്കുക. |

| | | | |
|---|---|---|---|
| പൊതു നിർദ്ദേശങ്ങൾ | മഴക്കാലത്തു വെള്ളം കെട്ടി നിൽക്കാത്ത കര പ്രദേശങ്ങളിൽ കയ്പ, വഴുതന, കക്കിരി, മുളക്, പച്ചചീര, വെണ്ട എന്നീ പച്ചക്കറികൾ കൃഷി ചെയ്യാം. ട്രേകളിൽ വിത്ത് പാകി മുളപ്പിച്ച് തൈകൾ പറിച്ച് നടുന്നതാണ് നല്ലത്. അല്ലാ എങ്കിൽ .നല്ല നീർ വാർച്ച ഉറപ്പാക്കുന്ന വിധം വരമ്പുകളിലോ കൂനകളിലോ പച്ചക്കറികൾ നടുന്നതാണ് അഭികാമ്യം. നടുന്ന തടങ്ങളിൽ ആദ്യമേ കുമ്മായം ഇട്ട് മണ്ണുമായി ചേർത്തിളക്കുക. ഒരു സെന്ററിന് മൂന്നു കിലോഗ്രാം കുമ്മായം എന്ന തോതിൽ വേണം ചേർക്കാൻ. കുമ്മായമിട്ട് ഒരാഴ്ച്ച കഴിഞ്ഞ് സെന്ററിന് 100 കി.ഗ്രാം വീതം ജൈവ വളങ്ങൾ ചേർക്കുക ട്രൈക്കോഡെർമ സമ്പുഷ്ടീകരിച്ച ചാണക വളം ചേർക്കുകയാണെങ്കിൽ ചീച്ചൽ, വാട്ടം തുടങ്ങിയ രോഗങ്ങളെ ചെറുക്കുന്നതിനു സഹായകമാകും ജൈവ വളം ചേർത്ത് രണ്ടാഴ്ചയ്ക്കു ശേഷം തൈകൾ നടുക..<br><br>നല്ല മഴയുള്ള ദിവസങ്ങളിൽ വിളകൾക്ക് രാസ വളപ്രയോഗം ഒഴിവാക്കുക. | | |
| നെല്ല് | പറിച്ചു നട്ടയിടങ്ങൾ | ഓല ചുരുട്ടി പുഴു  | ഓല ചുരുട്ടി പുഴു ആക്രമണം ഉണ്ടെങ്കിൽ മുള്ളുള്ള കമ്പു വലിച്ചു ഓലചുരുളുകൾ തുറക്കുക.<br><br>ആക്രമണം രൂക്ഷമാണെങ്കിൽ മാത്രം ഫ്ലൂബാൻ ഡൈ അമൈഡ് 1 മില്ലി 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തളിച്ച് കൊടുക്കുക. |
| | | തണ്ടുതുരപ്പൻ  | ആക്രമണം രൂക്ഷമാണെങ്കിൽ ഫ്ലൂബാൻ ഡൈ അമൈഡ് 1 മില്ലി 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തളിച്ച് കൊടുക്കുക. |
| തെങ്ങ് | വിവിധ ഘട്ടം | കൂമ്പ്ചീയൽ  | കൂമ്പുചീയൽ ഉണ്ടായാൽ പ്രാരംഭ ഘട്ടത്തിൽ തന്നെ രോഗം ബാധിച്ച ഭാഗങ്ങൾ ചെത്തിമാറ്റി നശിപ്പിക്കുകയും മുറിവിൽ ബോഡോ കുഴമ്പു പുരട്ടുകയും ചെയ്യുക. തുടർന്ന് പുതുനാമ്പു വരുന്നത് വരെ കൂമ്പിനെ ഒരു പ്ലാസ്റ്റിക് ടലാസുപയോഗിച്ചു പൊതിഞ്ഞു മഴ വെള്ളം ഇറങ്ങാതെ സംരക്ഷിക്കുക. സമീപത്തുള്ള തെങ്ങുകളുടെ കുരുത്തോലക്കും ചുറ്റുമുള്ള ഒലക്കവിളുകളിലും ഒരു ശതമാനം ര്യമുള്ള ബോഡോ മിശ്രിതം തളിക്കുക. |
| കവുങ്ങ് | കായ്ക്കുന്ന ഘട്ടം | മഹാളി  | പൊട്ടാസിയം ഫോസ്ഫോണേറ്റ് രണ്ടു മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്നതോതിൽ കലർത്തി കുലകളിലും ഇലകളിലും തളിച്ച് കൊടുക്കുക. |

| | | | |
|---|---|---|---|
| കുരുമുളക് | വിവിധ ഘട്ടം | ദ്രുത വാട്ടം  | രോഗ ലക്ഷണങ്ങൾ കണ്ടു തുടങ്ങിയാൽ റെഡോമിൽ രണ്ടു ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തടത്തിലെ മണ്ണ് കുതിർക്കുക. ഇതേ മിശ്രിതം ഇലകളിലും തണ്ടിലും തളിക്കുക. |
| ജാതി | വിവിധ ഘട്ടം | ഇല/കായ ചീച്ചൽ  | ചീച്ചൽ വന്നു താഴെ വീണു കിടക്കുന്ന മുഴുവൻ കായ്കളും ഇലകളും തീയിലിട്ടു നശിപ്പിക്കുക.<br>കോപ്പർ ഓക്സീ ക്ളോറൈഡ് കുമിൾനാശിനി 3 ഗ്രാം ഒരുലിറ്റർ വെള്ളത്തിൽ എന്നതോതിൽ കലർത്തി തയ്യാറാക്കിയ ലായനി തടത്തിൽ കുതിർക്കുകയും ഇലകളിൽ തളിക്കുകയും ചെയ്യുക |
| വാഴ | വിവിധ ഘട്ടം | ഇലപ്പുള്ളി രോഗം  | രോഗം ബാധിച്ച ഇലകൾ വെട്ടി മാറ്റി തീയിട്ടു നശിപ്പിക്കുക. പ്രൊപികൊണസോൾ അല്ലെങ്കിൽ ഹെക്സകൊണസോൾ ഇവയിലേതെങ്കിലും 2 മില്ലി. ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തളിക്കുക |
| വാഴ | കുലയ്ക്കുന്ന ഘട്ടം | പക്ഷികൾ | നേന്ത്രൻക്കുലകളെ നേർത്തതും സുതാര്യവുമായ പോളിത്തീൻ പാളികൾ ഉപയോഗിച്ച് പൊതിഞ്ഞ് സൂക്ഷിക്കുക. |
| കോഴി | വിവിധ ഘട്ടം | അണുബാധ | കൂടുകളുടെ തറയിൽ ഈർപ്പം നിലനിൽക്കാൻ അനുവദിക്കരുത് ഈർപ്പം നിലനിന്നാൽ തറയിൽ വീഴുന്ന കാഷ്ഠത്തിൽ നിന്നും അമോണിയ വാതകം പുറത്തേക്കു വമിക്കും.. അത് കോഴികളുടെ ആരോഗ്യത്തിനെ പ്രതികൂലമായി ബാധിക്കും |

ഒപ്പ്/-
നോഡൽ ഓഫീസർ
ഗ്രാമീണ കൃഷി കാലാവസ്ഥ സേവ പദ്ധതി